**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 451** **08-06-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ട്രാൻസ്മിഷൻ സർക്കിൾ ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri. K. Krishnankutty**<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ ട്രാൻസ്മിഷൻ സർക്കിൾ ഓഫീസുകൾ ഉണ്ടെന്ന് അറിയിക്കാമോ; | (എ) | കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ , എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് ട്രാൻസ്മിഷൻ സർക്കിൾ ഓഫീസുകൾ നിലവിലുള്ളത്. |
| (ബി) | പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനം എന്താണെന്നും ഏതെല്ലാം കാര്യങ്ങളുടെ മേൽനോട്ടമാണ് ഈ ഓഫീസ് വഹിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | അതാതുപ്രദേശങ്ങളിലെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് പര്യാപ്തമായ രീതിയിൽ പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും വിഭാവനം ചെയ്ത് നടപ്പാക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളും ലൈനുകളും കാലോചിതമായി നവീകരിക്കുക, അതാതു ഓഫീസുകളുടെ പരിധിയിലുള്ള സബ്സ്റ്റേഷനുകളും ലൈനുകളും പരിപാലിക്കുകയും പ്രവർത്തിപ്പിക്കുകയും യഥാസമയം അറ്റകുറ്റ പണികൾ നടത്തി കാര്യക്ഷമമായി സംരക്ഷിക്കുകയും ചെയ്യുക മുതലായവയാണ് പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനം. മേൽപറഞ്ഞ കാര്യങ്ങൾക്കാവശ്യമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതും എസ്റ്റിമേറ്റുകൾ തയ്യാറാക്കി അധികാര പരിധിക്കനുസരിച്ച് അനുമതി നൽകുന്നതും സർക്കിൾ ഓഫീസുകളുടെ പ്രവർത്തനത്തിലുള്ളതാണ്. |
| (സി) | പുതിയ സബ്സ്റ്റേഷനുകൾ നിർമ്മിക്കുന്നതിന് ട്രാൻസ്മിഷൻ ഓഫീസുകളാണോ ചുമതല വഹിക്കേണ്ടതെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസരണ മേഖലയിൽ പുതുതായി സബ്സ്റ്റേഷനുകൾ നിർമ്മിക്കുന്നതിന് ട്രാൻസ്മിഷൻ ഓഫീസുകളാണ് ചുമതലവഹിക്കേണ്ടത്. sd/-<br>സെക്ഷൻ ഓഫീസർ |

സെക്ഷൻ ഓഫീസർ